(ഡി) പ്രസ്തുത ജീവനക്കാർ ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തി നൽകുന്ന ഓഫീസ് സംവിധാനം ഉപയോഗിച്ച് പ്രവർത്തിച്ചുവരുന്നു.

അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കാൻ നടപടി

57 [1262] ശ്രീ. എ. എൻ. രാജൻ ബാബു :

" ഉമേഷ് ചള്ളിയിൽ :

" കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത എത്ര അംഗൻവാടികളുണ്ട് ;

(ബി) സ്വന്തമായി കെട്ടിടമുള്ള അംഗൻവാടികളുടെ എണ്ണം വിശദമാക്കുമോ ;

(സി) അംഗൻവാടികൾക്ക് ഭൂമിയും കെട്ടിടവും വാങ്ങുന്നതിന് നിലവിലുള്ള കേന്ദ്ര-സംസ്ഥാന പദ്ധതികൾ എന്തൊക്കെയാണ് ;

(ഡി) പ്രസ്തുത പദ്ധതിപ്രകാരം ഈ വർഷം എത്ര അംഗൻവാടി കെട്ടിടങ്ങൾ നിർമ്മിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത് ;

(ഇ) സംസ്ഥാനത്തെ മുഴുവൻ അംഗൻവാടികൾക്കും എന്നത്തേക്ക് സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിക്കാമെന്നാണ് സർക്കാർ കരുതുന്നത് ?

ഉത്തരം

(എ, ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) ഇപ്പോൾ ഇതിനായി പദ്ധതികളൊന്നും നിലവിലില്ല.

(ഡി) ബാധകമല്ല.

(ഇ) അനുയോജ്യമായ വസ്തുവിന്റെയും ഫണ്ടിന്റെയും ലഭ്യത അനുസരിച്ച് സംസ്ഥാനത്തെ മുഴുവൻ അംഗൻവാടികൾക്കും കഴിയുന്നത്രവേഗം കെട്ടിടം നിർമ്മിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും പെൻഷൻ നൽകുന്നതിനുള്ള നടപടി

58 [1263] ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും നിലവിൽ പെൻഷൻ ലഭിക്കുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത ജീവനക്കാർക്ക് പെൻഷൻ നൽകുന്നതിനുള്ള പദ്ധതി സർക്കാർ ആവിഷ്കരിക്കുമോ ;

(സി) ഇത് സംബന്ധിച്ച് ജീവനക്കാരുടെ നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എങ്കിൽ പ്രസ്തുത നിവേദനങ്ങളിൻമേൽ അനുകൂല നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും സേവന വേതന കാര്യങ്ങളെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് നൽകുവാൻ സാമൂഹ്യക്ഷേമ ഡയറക്ടറെ ഏകാംഗ കമ്മീഷനായി സർക്കാർ നിയമിച്ചിരുന്നു. കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ഉണ്ട്.

(ഡി) ഏകാംഗ കമ്മീഷന്റെ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

താൽക്കാലിക ജീവനക്കാരായ വികലാംഗരെ സ്ഥിരപ്പെടുത്തൽ

59 [1264] ശ്രീ. ആർ. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്താരാഷ്ട്ര വികലാംഗ വർഷത്തിലും സ്വാതന്ത്ര്യത്തിന്റെ സുവർണ്ണ ജൂബിലി വർഷത്തിലും സർക്കാർ വകുപ്പുകളിലും അർദ്ധ സർക്കാർ സ്ഥാപനങ്ങളിലും താൽക്കാലിക നിയമനം ലഭിച്ച വികലാംഗ ജീവനക്കാരെയെല്ലാം സ്ഥിരപ്പെടുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത നിയമനം സംബന്ധിച്ച് വകുപ്പ് തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ, ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലികമായി നിയമിക്കപ്പെട്ട് 15-8-1998 മുതൽ 15-8-1999 വരെയുള്ള കാലയളവിൽ 179 ദിവസം താൽക്കാലിക സർവ്വീസ് പൂർത്തിയാക്കിയ വികലാംഗർക്ക് സ്ഥിരം നിയമനം നൽകുന്നതിനാവശ്യമായ 536 സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

താൽക്കാലിക ജീവനക്കാരായിരുന്ന വികലാംഗരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി

60 [1265] ശ്രീ. ആർ. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1998 ആഗസ്റ്റ് 15 മുതൽ 2000 ഡിസംബർ 31 വരെ സർക്കാർ സർവ്വീസിൽ താൽക്കാലിക ജീവനക്കാരായിരുന്ന വികലാംഗരെ സ്ഥിരപ്പെടുത്തണമെന്ന് നിയമസഭാ സമിതി റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly